# II. ചരമോപചാരം

<u>കേരള നിയമസഭാംഗങ്ങളായിരുന്ന പി.ജി. പുരുഷോത്തമൻ പിള്ള, എൻ.പി.മൊയ്തീൻ, കെ. സോമശേഖരൻ നായർ എന്നിവരുടെ നിര്യാണം</u>

<u>മി. സ്പീക്കർ:</u> മുൻ കേരള നിയമസഭാംഗങ്ങളായിരുന്ന പി. ജി. പുരുഷോത്തമൻപിള്ള, എൻ. പി. മൊയ്തീൻ, കെ. സോമശേഖരൻ നായർ എന്നിവർ അടുത്ത കാലത്ത് നിര്യാതരായി.

<u>പി. ജി. പുരുഷോത്തമൻപിള്ള</u>

മുൻ നിയമസഭാംഗം പി. ജി. പുരുഷോത്തമൻ പിള്ള 2015 ആഗസ്റ്റ് 25-ന് അന്തരിച്ചു. ആലപ്പുഴ ജില്ലയിലെ കടപ്ര, മാന്നാർ, മണിപ്പുഴ പവ്വത്തിട്ട രാമപ്പണിക്കരുടെയും ജാനകി അമ്മയുടെയും മകനായി 1929 ജനുവരി 26-ന് പി.ജി. പുരുഷോത്തമൻ പിള്ള ജനിച്ചു. തിരു-കൊച്ചി സ്റ്റുഡന്റ്സ് ഫെഡറേഷൻ, എ.ഐ. എസ്. എഫ്, എന്നിവയിലൂടെ പൊതുപ്രവർത്തന രംഗത്ത് എത്തിയ അദ്ദേഹം അധ്യാപകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 1967-ൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്നും മൂന്നാം കേരള നിയമസഭയിലേയ്ക്ക് സി.പി.ഐ. (എം) പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട പി. ജി. പുരുഷോത്തമൻ പിള്ള, 1970-

ൽ അതേ നിയോജകമണ്ഡലത്തിൽ നിന്നും നാലാം കേരള നിയമസഭയിലേയ്ക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭയുടെ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി, ലൈബ്രറി ഉപദേശക സമിതി എന്നിവയുടെ ചെയർമാൻ എന്ന നിലയിൽ അദ്ദേഹം സ്തുത്യർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. എഴുത്തുകാരൻ, ഭരണഘടനാ വിദഗ്ദ്ധൻ, പത്രപ്രവർത്തകൻ, ക്ലാസിക്കൽ കലാ നിരൂപകൻ എന്നീ മേഖലകളിലും മികവു തെളിയിച്ച പി. ജി. പുരുഷോത്തമൻപിള്ള എ.ഐ.എസ്.എഫ് അഖിലേന്ത്യാ വൈസ് പ്രസിഡന്റ്, എ.ഐ.എസ്.എഫ്. സംസ്ഥാന പ്രസിഡന്റ്, കേരളാ കലാമണ്ഡലം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, ദേശാഭിമാനി അസിസ്റ്റന്റ് എഡിറ്റർ, സി.പി.ഐ (എം) ആലപ്പുഴ ജില്ലാ കമ്മിറ്റി അംഗം, കേരള ഗ്രന്ഥശാല സംഘം ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. പി.ജി. പുരുഷോത്തമൻ പിള്ളയുടെ നിര്യാണത്തോടെ കലാ-സാംസ്കാരിക, പത്രപ്രവർത്തന മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച കഴിവുറ്റ ഒരു സംഘാടകനേയും മികച്ച ഒരു പൊതുപ്രവർത്തകനേയും ആണ് നഷ്ടമായിട്ടുള്ളത്.

<u>എൻ. പി. മൊയ്തീൻ</u>

മുൻ നിയമസഭാംഗം എൻ. പി. മൊയ്തീൻ 2015 സെപ്തംബർ 11-ന് അന്തരിച്ചു. കോഴിക്കോട് ജില്ലയിൽ സ്വാതന്ത്ര്യസമരസേനാനി എൻ. പി. അബുവിന്റെയും

ഇമ്പിച്ചി പാത്തുമ്മയുടെയും മകനായി 1941-ൽ എൻ. പി. മൊയ്തീൻ ജനിച്ചു. കെ.എസ്.യു. വഴി പൊതുപ്രവർത്തന രംഗത്ത് എത്തിയ അദ്ദേഹം വിമോചന സമരത്തിലൂടെ രാഷ്ട്രീയ രംഗത്ത് സജീവമായി. 1977-ൽ ബേപ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും അഞ്ചാം കേരള നിയമസഭയിലേക്ക് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട എൻ.പി. മൊയ്തീൻ 1980-ൽ അതേ നിയോജകമണ്ഡലത്തിൽനിന്നും ആറാം കേരള നിയമസഭയിലേക്ക് കോൺഗ്രസ്സ് (യു) പ്രതിനിധിയായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ്, യൂത്ത് കോൺഗ്രസ്സ് കോഴിക്കോട് ജില്ലാ ജനറൽ സെക്രട്ടറി, ട്രഷറർ, കെ.പി.സി.സി. ജനറൽ സെക്രട്ടറി, കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ്, സെക്രട്ടറി, പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാൻ, ഖാദി ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ്, കയർ ക്ഷേമനിധി ബോർഡ് എന്നിവയിൽ അംഗം, വീക്ഷണം കമ്പനി ഡയറക്ടർ എന്നീ ചുമതലകൾ വഹിച്ചിട്ടുള്ള എൻ. പി. മൊയ്തീൻ കെ. പി. സി. സി നിർവ്വാഹക സമിതി അംഗമായി പ്രവർത്തിച്ചു വരികയായിരുന്നു. എൻ. പി. മൊയ്തീന്റെ നിര്യാണത്തോടെ രാഷ്ട്രീയരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച കഴിവുറ്റ ഒരു സംഘാടകനേയും ആദർശരാഷ്ട്രീയത്തിന്റെ പ്രയോക്താവായ പൊതുപ്രവർത്തകനേയുമാണ് നഷ്ടമായിട്ടുള്ളത്.

## കെ. സോമശേഖരൻ നായർ

മുൻ കേരളനിയമസഭാംഗവും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന കെ.സോമശേഖരൻ നായർ 2015 നവംബർ 7-ന് അന്തരിച്ചു. തിരുവനന്തപുരം ജില്ലയിലെ ആര്യനാട്, കൃഷ്ണപിള്ളയുടെയും കാർത്ത്യായനി അമ്മയുടെയും മകനായി കെ. സോമശേഖരൻ നായർ ജനിച്ചു. കോൺഗ്രസ്സ് പ്രവർത്തകനായി ക്വിറ്റ് ഇൻഡ്യാ പ്രസ്ഥാനത്തിലൂടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയായ അദ്ദേഹം പിന്നീട് സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗമായി പൊതുപ്രവർത്തന രംഗത്ത് സജീവമായി. 1970-ൽ ആര്യനാട് നിയോജകമണ്ഡലത്തിൽ നിന്നും നാലാം കേരള നിയമസഭയിലേക്ക് സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി പ്രതിനിധിയായി കെ. സോമശേഖരൻ നായർ തെരഞ്ഞെടുക്കപ്പെട്ടു. ഗാന്ധിയൻ പ്രസ്ഥാനവുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന അദ്ദേഹം സഹകരണമേഖലയിലും ഗ്രന്ഥശാല പ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിച്ചിരുന്നു. ആര്യനാട്, ഉഴമലയ്ക്കൽ പഞ്ചായത്തുകളിൽ അംഗം, എസ്.എസ്.പി. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്, ഉഴമലയ്ക്കൽ സർവ്വീസ് സഹകരണ സംഘം, നെടുമങ്ങാട് അർബൻ സഹകരണ ബാങ്ക് എന്നിവയുടെ ഭരണ സമിതി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കെ. സോമശേഖരൻ

നായരുടെ നിര്യാണത്തോടെ സഹകരണ മേഖലയ്ക്കും ഗ്രന്ഥശാല പ്രസ്ഥാനത്തിനും മികച്ച സംഭാവന നൽകിയ ഒരു സംഘാടകനേയും ആദർശനിഷ്ഠയുള്ള ഒരു പൊതുപ്രവർത്തകനേയുമാണ് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)